LIBRARY ARCHIVES Kerala Legislative Assembly

## ആയുർവ്വേദ മരുന്നുകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള സംവിധാനം

102 [821] ശ്രീ. തമ്പാനൂർ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആയുർവ്വേദ മരുന്നുകളുടെ ഉല്പാദനത്തിനും വിതരണത്തിനും എന്തൊക്കെ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട് എന്നത് സംബന്ധിച്ച് വിശദാംശം വെളിപ്പെടുത്തുമോ;

(ബി) സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന ആയുർവ്വേദ മരുന്നുകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് എന്തൊക്കെ സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഇവ അപര്യാപ്തമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇക്കാര്യത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) ആയുർവ്വേദ മരുന്നുകൾ നിർമ്മിക്കുന്നതിനായി 1945-ലെ ഡ്രഗ്സ് ആന്റ് കോസ്മറ്റിക്സ് റൂൾസിലെ ഷെഡ്യൂൾ 'ടി'-യിലെ വ്യവസ്ഥകൾ അനുസരിച്ചുള്ള ലൈസൻസ് ആവശ്യമാണ്. ഈ വ്യവസ്ഥകൾ പാലിച്ച് ഉല്പാദിപ്പിക്കുന്ന മരുന്നുകൾ മാത്രമേ വില്പന നടത്തുവാൻ അനുവദിക്കുകയുള്ളൂ.

(ബി) സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന ആയുർവ്വേദ മരുന്നുകളുടെ ഗുണ നിലവാരം പരിശോധിക്കുന്നതിന് തിരുവനന്തപുരത്തെ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിൽ സൗകര്യങ്ങൾ ഉണ്ട്. കൂടാതെ ഡ്രഗ്സ് ഇൻസ്പെക്ടർമാർ ഔഷധ നിർമ്മാണ യൂണിറ്റുകൾ പരിശോധിച്ച് ലൈസൻസിലെ വ്യവസ്ഥകൾ പാലിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തുന്നുമുണ്ട്.

(സി, ഡി) ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിലെ സൗകര്യങ്ങൾ വിപുലീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

## ശാസ്ത്രീയമായ മാലിന്യ നിർമ്മാർജ്ജനം

103 [822] ശ്രീ. ജോണി നെല്ലൂർ:
,, ഉമേഷ് ചള്ളിയിൽ:
,, കെ. കെ. ഷാജു:
,, ഷിബു ബേബിജോൺ:
,, എ. എൻ. രാജൻ ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ: